# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## റാന്നി അങ്ങാടി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: കെ.എസ്.എ.പി.ടി.എ.പി. 9 - 659/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 01/11/2021
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
റാന്നി അങ്ങാടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : റാന്നി അങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം റാന്നി അങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പി.ടി.എ.പി. 9 - 659/21 തീയ്യതി: 01/11/2021

## പത്തനംതിട്ട ജില്ലയിലെ റാന്നി അങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ റാന്നി അങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 16-10-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| പി.കെ.വിജയലക്ഷ്മി | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 09-09-2021 | 24-09-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 09-09-2021 | 24-09-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.മുഹ്സിൻ ഫൈസൽ, ഓഡിറ്റ് ഓഫീസർ
ശ്രീ.ഹരികുമാർ.എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി അശ്വതി.വി.നായർ, ഓഡിറ്റർ
ശ്രീമതി ആശ എം കുരുവിള, ഓഡിറ്റർ
ശ്രീമതി സിന്ധുമോൾ.വി.എൻ, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ബി.സുരേഷ് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീമതി സുധ എസ് | സെക്രട്ടറി | 01-04-2019 | 31-05-2019 |
| ശ്രീ പ്രദീപ് കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-06-2019 | 10-07-2019 |
| ശ്രീമതി ജിജിമോൾ അലക്സ് | സെക്രട്ടറി | 11-07-2019 | 22-07-2019 |
| ശ്രീ പ്രദീപ് കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 23-07-2019 | 28-07-2019 |
| ശ്രീ സന്ദീപ് ജേക്കബ് | സെക്രട്ടറി | 29-07-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി അനി ഷിജി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീമതി ജെസി മാത്യു | കൃഷി ഓഫീസർ | 01-04-2019 | 31-05-2019 |
| ശ്രീ ശ്രീകുമാർ എസ് | കൃഷി ഓഫീസർ | 01-06-2019 | 02-08-2019 |
| ശ്രീ അനിൽ എബ്രഹാം | കൃഷി ഓഫീസർ | 03-08-2019 | 30-09-2019 |
| ശ്രീമതി ഷീബ എസ് എസ് | കൃഷി ഓഫീസർ | 01-10-2019 | 31-03-2020 |
| ശ്രീ എബി കെ എബ്രഹാം | വെറ്ററിനറി സർജൻ | 01-04-2019 | 19-02-2020 |
| ശ്രീമതി നീലിമ എസ് രാജ് | വെറ്ററിനറി സർജൻ | 20-02-2020 | 31-03-2020 |
| ഡോ.ഷാജി ബി | മെഡിക്കൽ ഓഫീസർ(അലോപ്പതി) | 01-04-2019 | 31-03-2020 |
| ഡോ. വി ഒ സജി | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2019 | 31-03-2020 |
| ശ്രീമതി സുധർമണി എസ് | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| ശ്രീ മനോജ് ബി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 04-03-2020 |
| ശ്രീ സജീഷ് കുമാർ ജെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 05-03-2020 | 31-03-2020 |
| ശ്രീമതി കെ റ്റി രേണുക | ഹെഡ്മിസ്ട്രസ് | 01-04-2019 | 31-05-2019 |
| ശ്രീമതി സുജാകുമാരി എൻ | ഹെഡ്മിസ്ട്രസ് | 01-06-2019 | 31-03-2020 |
| ശ്രീ. ബിനുകുമാർ റ്റി. | വി.ഇ.ഒ ഗ്രേഡ്1 | 01-04-2019 | 08-07-2019 |
| ശ്രീ നക്ഷത്രകുമാർ എസ്സ്. | വി.ഇ.ഒ ഗ്രേഡ്1 | 09-07-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Aswathy.V.Nair (Auditor, On 24-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 01-11-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: M Harikumar (Asst. Audit Officer, On 19-09-2021)<br>Last Updated By: Johncy John (Computer Assistant, On 21-10-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Aswathy.V.Nair (Auditor, On 24-09-2021)<br>Last Updated By: Johncy John (Computer Assistant, On 21-10-2021) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: M Harikumar (Asst. Audit Officer, On 19-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 01-11-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Muhsin Faisal (Audit Officer, On 24-09-2021)<br>Last Updated By: Johncy John (Computer Assistant, On 21-10-2021) | 1-5 |
| 6 | തൊഴിലുറപ്പു പദ്ധതി<br>Written By: Aswathy.V.Nair (Auditor, On 24-09-2021)<br>Last Updated By: Johncy John (Computer Assistant, On 21-10-2021) | 1-6 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: Aswathy.V.Nair (Auditor, On 24-09-2021)<br>Last Updated By: Johncy John (Computer Assistant, On 21-10-2021) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Aswathy.V.Nair (Auditor, On 24-09-2021)<br>Last Updated By: Johncy John (Computer Assistant, On 21-10-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Muhsin Faisal (Audit Officer, On 24-09-2021)<br>Last Updated By: Johncy John (Computer Assistant, On 21-10-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Aswathy.V.Nair (Auditor, On 24-09-2021)<br>Last Updated By: Johncy John (Computer Assistant, On 21-10-2021) | 1-10 |
| 11 | ദിവസ വേതനത്തിന് ക്ലാർക്കിനെ നിയമിച്ചത് നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല<br>Written By: Asha M Kuruvilla (Auditor, On 23-09-2021)<br>Last Updated By: Asha M Kuruvilla (Auditor, On 30-10-2021) | 1-11 |
| 12 | എസ്.സി. വനിതകൾക്ക് സ്വയം തൊഴിൽ പരിശീലനം - പദ്ധതി നടത്തിപ്പ് ക്രമപ്രകാരമല്ല<br>Written By: Asha M Kuruvilla (Auditor, On 23-09-2021)<br>Last Updated By: Johncy John (Computer Assistant, On 22-10-2021) | 1-12 |
| 13 | കുട്ടികളുടെ പാർക്ക് നിർമ്മാണം- നടപടിക്രമം പാലിച്ചില്ല<br>Written By: M Harikumar (Asst. Audit Officer, On 19-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 26-10-2021) | 1-13 |
| 14 | വീട് വാസയോഗ്യമാക്കൽ- സബ്സിഡി അധികം അനുവദിച്ചു.<br>Written By: Asha M Kuruvilla (Auditor, On 23-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 26-10-2021) | 1-14 |
| 15 | കെയ്ക്കോയിൽ നിന്ന് ടെണ്ടർ കൂടാതെ വാങ്ങൽ നടത്തി<br>Written By: Aswathy.V.Nair (Auditor, On 24-09-2021)<br>Last Updated By: Johncy John (Computer Assistant, On 22-10-2021) | 1-15 |
| 16 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി- പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ<br>Written By: Aswathy.V.Nair (Auditor, On 24-09-2021)<br>Last Updated By: Johncy John (Computer Assistant, On 22-10-2021) | 1-16 |

| | | |
|---|---|---|
| 17 | വീട് പുനരുദ്ധാരണം ആനുകൂല്യം കൈപ്പറ്റിയിട്ടും പണി പൂർത്തിയാക്കിയില്ല<br>Written By: Asha M Kuruvilla (Auditor, On 24-09-2021)<br>Last Updated By: Johncy John (Computer Assistant, On 22-10-2021) | 1-17 |
| 18 | നിക്ഷേപ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നില്ല. തുടർ നിരീക്ഷണം അനിവാര്യം<br>Written By: M Harikumar (Asst. Audit Officer, On 19-09-2021)<br>Last Updated By: Johncy John (Computer Assistant, On 22-10-2021) | 1-18 |
| 19 | ആവശ്യമായ വിവരങ്ങൾ ഹാജരാക്കിയില്ല<br>Written By: Muhsin Faisal (Audit Officer, On 24-09-2021)<br>Last Updated By: Johncy John (Computer Assistant, On 22-10-2021) | 1-19 |
| 20 | മാലിന്യ സംസ്കരണ പദ്ധതി -ലക്ഷ്യം കൈവരിച്ചില്ല<br>Written By: Muhsin Faisal (Audit Officer, On 24-09-2021)<br>Last Updated By: Johncy John (Computer Assistant, On 22-10-2021) | 1-20 |
| 21 | ആശ്രയാ പദ്ധതി തുക അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല.<br>Written By: Asha M Kuruvilla (Auditor, On 04-10-2021)<br>Last Updated By: Johncy John (Computer Assistant, On 22-10-2021) | 1-21 |
| 22 | വനിതകൾക്ക് ശിങ്കാരിമേളം പരിശീലനം - മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ പദ്ധതി നടപ്പിലാക്കി<br>Written By: Asha M Kuruvilla (Auditor, On 04-10-2021)<br>Last Updated By: Johncy John (Computer Assistant, On 22-10-2021) | 1-22 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | വീട് വാസയോഗ്യമാക്കൽ - സബ്സിഡി അധികം അനുവദിച്ചു<br>Written By: Johncy John (Computer Assistant, On 22-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 26-10-2021) | 3-1 |
| **ഭാഗം 4** | | |
| 1 | സംയുക്തപദ്ധതികളുടെ ഫണ്ട്, വിനിയോഗ വിവരം<br>Written By: Asha M Kuruvilla (Auditor, On 12-09-2021)<br>Last Updated By: Johncy John (Computer Assistant, On 22-10-2021) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Asha M Kuruvilla (Auditor, On 12-09-2021)<br>Last Updated By: Johncy John (Computer Assistant, On 22-10-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Asha M Kuruvilla (Auditor, On 12-09-2021)<br>Last Updated By: Asha M Kuruvilla (Auditor, On 24-09-2021) | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Asha M Kuruvilla (Auditor, On 12-09-2021)<br>Last Updated By: Johncy John (Computer Assistant, On 22-10-2021) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Asha M Kuruvilla (Auditor, On 23-09-2021)<br>Last Updated By: Asha M Kuruvilla (Auditor, On 23-09-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Asha M Kuruvilla (Auditor, On 23-09-2021)<br>Last Updated By: Asha M Kuruvilla (Auditor, On 23-09-2021) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികയുടെ വിശദാംശങ്ങൾ<br>Written By: Asha M Kuruvilla (Auditor, On 23-09-2021)<br>Last Updated By: Johncy John (Computer Assistant, On 22-10-2021) | 4-7 |
| 8 | ചാർജ്ജ്/ സർചാർജ്ജ് നടപടികളിലൂടെ നഷ്ടം | 4-8 |

| | | |
|---|---|---|
| | ഈടാക്കിയതിന്റെ വിവരം<br>Written By: Asha M Kuruvilla (Auditor, On 23-09-2021)<br>Last Updated By: Asha M Kuruvilla (Auditor, On 23-09-2021) | |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Asha M Kuruvilla (Auditor, On 23-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 01-11-2021) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Asha M Kuruvilla (Auditor, On 17-09-2021)<br>Last Updated By: Johncy John (Computer Assistant, On 22-10-2021) | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

2019-20 സാമ്പത്തിക വർഷത്തേക്കുള്ള 143900476 വരവും 137748420 ചെലവും 6152056/- രൂപ മിച്ചവും വരുന്ന ബജറ്റ് 25.02.2019 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 1-1 തീരുമാന പ്രകാരം അംഗീകരിച്ചു. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പിൽ നിഷ്കർഷിച്ചിരിക്കുന്ന നടപടിക്രമങ്ങൾപൂർണ്ണമായും പാലിച്ചുകൊണ്ടല്ല ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്.

സർക്കാർ അതതുസമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കുന്ന ചട്ടങ്ങൾക്കും വിധേയമായി 175-ാം വകുപ്പനുസരിച്ച് തയ്യാറാക്കിയതും അനുവദിച്ചതുമായ വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് അടങ്ങുന്ന ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനവരി 15നു മുമ്പായി ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികൾ, സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥന്മാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് തയ്യാറാക്കേണ്ടതും അത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് നൽകേണ്ടതുമാണ് [വകുപ്പ് 214 (1)]. സ്റ്റാന്റിംഗ് കമ്മിറ്റികളും വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരും സമർപ്പിച്ച ബജറ്റ് പ്രപ്പോസൽ, അതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കിയ, ബജറ്റിന് ആധാരമാക്കിയ രേഖകളും വിവരങ്ങളും അടങ്ങിയ ബജറ്റ് ഫയൽ എന്നിവ ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റികളും നിർവ്വഹണ ഉദ്യോഗസ്ഥരും ബജറ്റ് നിർദേശങ്ങൾ സമർപ്പിച്ചിരുന്നോയെന്നും ബജറ്റ് നിർദേശങ്ങൾ സമർപ്പിച്ചവരുടെ നിർദേശങ്ങൾ പരിഗണിച്ചാണോ ബജറ്റ് തയ്യാറാക്കിയതെന്നും പരിശോധിച്ച് ഉറപ്പാക്കുന്നതിന് സാധിച്ചില്ല.

ബജറ്റിൽ വിഭാവനം ചെയ്ത വരവിലോ ബജറ്റ് എസ്റ്റിമേറ്റിൽ കൂടുതൽ ഏതിനത്തിലെങ്കിലും ചെലവഴിച്ചാലോ വ്യതിയാനം വ്യക്തമാക്കി പുതുക്കിയ ബജറ്റ് അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതാണ്. ഡിസംബർ അവസാന വാരം ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും (ഘടക സ്ഥാപനങ്ങളിലെ ഓഫീസ് തലവന്മാരിൽ നിന്നും) തന്നാണ്ടു വർഷത്തെ റിവൈസ്ഡ് ബജറ്റിനുള്ള പ്രൊപ്പോസലുകൾ സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. എന്നാൽ, പഞ്ചായത്ത് 2019-20ലെ പുതുക്കിയ ബജറ്റ് തയ്യാറാക്കിയെങ്കിലും പുതുക്കിയ പ്രൊപ്പോസലുകൾ സ്വീകരിച്ചിട്ടില്ല. 2019-20ലെ ബജറ്റ് എസ്റ്റിമേറ്റും യഥാർത്ഥ കണക്കുകളും തമ്മിൽ വലിയ വ്യതിയാനം ഉണ്ട്.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എല്ലാ മാസത്തെയും വരവ്-ചെലവുകൾ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ, ബജറ്റിനെ അടിസ്ഥാനപ്പെടുത്തിയല്ല കണക്കുകൾ അംഗീകരിച്ചിട്ടുള്ളത്. എല്ലാ മാസവും ബജറ്റ് അവലോകനം നടത്തുന്നില്ല. അതിനാൽ, 2019-20ലെ ബജറ്റ് എസ്റ്റിമേറ്റും വാർഷിക കണക്കുകളും തമ്മിൽ പൊരുത്തക്കേടുകളുണ്ട്. പ്രധാന വരവ് ചെലവ് വിഭാഗങ്ങളിലെയും അവയിൽ വരുന്ന പ്രധാന ഉപ ഇനങ്ങളുടെയും ബജറ്റ് പ്രകാരവും വാർഷിക കണക്കുകൾ പ്രകാരവുമുള്ള കണക്കുകൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | | ഇനം | ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് | വാർഷിക കണക്കുകൾ പ്രകാരമുള്ള വരവ് | വ്യത്യാസം |
|---|---|---|---|---|---|
| 1 | | നികുതി വരവുകൾ | 12600000 | 4778747 | 7821253 |
| | എ | വസ്തുനികുതി | 7600000 | 3600956 | 3999044 |
| | ബി | തൊഴിൽ നികുതി | 2300000 | 1137966 | 1162034 |
| | സി | സേവന നികുതി | 2550000 | 1069461 | 1480539 |
| 2 | | നികുതിയിതര വരവുകൾ | 2680000 | 1011492 | 1668508 |
| | എ | ഫോം വിൽപ്പന | 175000 | 6116 | 168884 |
| | ബി | കെട്ടിട നിർമ്മാണ പെർമിറ്റ് | 250000 | 120499 | 129501 |
| | സി | വാടക | 75000 | 40911 | 34089 |
| | ഡി | ലൈസൻസ് | 250000 | 179750 | 70250 |
| 3 | | പൊതു ഉദ്ദേശ്യ ഗ്രാന്റ് | 7300000 | 7329641 | -29641 |
| 4 | | വികസന ഫണ്ട് | 33848540 | 12101129 | 21747411 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| 5 | | സംരക്ഷണ ഗ്രാന്റ് | 471000 | 11185506 | -11138406 |
| | ക്രമ നം | ഇനം | ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത ചെലവ് | വാർഷിക കണക്കുകൾ പ്രകാരമുള്ള ചെലവ് | വ്യത്യാസം |
| 6 | | എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ | 1274000 | 3288935 | -9451065 |
| 7 | | ഭരണ ചെലവുകൾ | 2687500 | 749867 | 1937633 |
| 8 | | ഓപ്പറേഷൻസ് & മെയിന്റനൻസ് | 10530000 | 2550500 | 7979500 |
| 9 | | പ്ലാൻ-ഉല്പാദന മേഖല | 5438872 | 3602461 | 1836411 |
| 10 | | പ്ലാൻ-സേവന മേഖല | 27315860 | 14847066 | 12468794 |
| 11 | | പ്ലാൻ-പശ്ചാത്തല മേഖല | 1500000 | 1007762 | 492238 |
| 12 | | പ്ലാൻ-മേഖല വിഭജനത്തിൽ ഉൾപ്പെടാത്തത് | 4128728 | 2071941 | 2056787 |

കേരള പഞ്ചായത്ത് രാജ് നിയമം 214 വകുപ്പിൽ അനുശാസിക്കുന്ന രീതിയിൽ അപാകതകളില്ലാതെ ബജറ്റ് തയ്യാറാക്കുന്നതിനും, യഥാർത്ഥ വരവ് ചെലവുകൾക്കനുസരിച്ച് ബജറ്റ് പുതുക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ബജറ്റ്, വാർഷിക കണക്കുകൾ എന്നിവ താരതമ്യം ചെയ്തും നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും വിവിധ സെക്ഷനുകളിൽ നിന്നും വിവരങ്ങൾ ശേഖരിച്ചും വേണം ബജറ്റ് തയ്യാറാക്കേണ്ടത്. യഥാർത്ഥ കണക്കുകളുമായി ഗണ്യമായ വ്യത്യാസം കാണിക്കുന്ന ബജറ്റ് തയ്യാറാക്കുന്നത് പഞ്ചായത്തിന്റെ ധനകാര്യ മാനേജ്മെന്റിനെ പ്രതികൂലമായി ബാധിക്കും. യഥാർത്ഥ വിവരങ്ങൾ വിശകലനം ചെയ്ത് ബജറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. ഷെഡ്യൂൾ ബി3 : Reserves:- തൻവർഷം ലഭിച്ച ഗ്രാന്റുകളിൽ ആസ്തികൾ സൃഷ്ടിക്കുന്നതിനും മറ്റ് മൂലധന നിക്ഷേപങ്ങൾക്കുമായി ചെലവഴിച്ച തുകയെല്ലാം റവന്യൂ ഹെഡിൽ വരവ് വെച്ചിരിക്കുന്നു. ഇവ കാപ്പിറ്റൽ കോൺട്രിബ്യൂഷൻ ഹെഡിലേക്ക് മാറ്റി അക്കൗണ്ട് ചെയ്തിട്ടില്ല. തൻമൂലം വാർഷിക കണക്കിൽ അധിക വരുമാനം (Excess Of Income Over Expenditure) പ്രതിഫലിക്കുന്നു.

2.ഷെഡ്യൂൾ ബി4 : Grants & Contributions For Specific Purposes:- Funds Received For Specific Purposes, Beneficiary Contributions എന്നീ അക്കൗണ്ടുകളിലെ ബാലൻസ് കൃത്യമല്ല. ഗ്രാന്റുകളുടെ വരവ്, വിനിയോഗ വിവരം എന്നിവ കൃതൃമായി അക്കൗണ്ട് ചെയ്തിട്ടില്ല.

3. സംയുക്ത പ്രോജക്ടുകൾക്കായി ലഭിക്കുന്ന ഫണ്ടുകളുടെ വിനിയോഗ വിവരം അക്കൗണ്ട് ചെയ്യുന്നതിൽ കൃത്യതയില്ല. തുകകൾ ചെലവഴിക്കാതെ അക്കൗണ്ടിൽ നിക്ഷേപിച്ചുവരുന്നു.

4. ഷെഡ്യൂൾ ബി7: Deposits Received- 3 വർഷത്തിലധികമായി നിൽക്കുന്ന തുകകൾ റെവന്യൂ ഹെഡിലേക്ക് മാറ്റിയിട്ടില്ല. ഡെപ്പോസിറ്റായി ലഭിക്കുന്ന തുകകൾ റെവന്യൂ ഹെഡിൽ അക്കൗണ്ട് ചെയ്തിട്ടുണ്ട്.

5. ഗ്രാമ പഞ്ചായത്ത് മുൻകാലങ്ങളിൽ ആർജ്ജിച്ച എല്ലാവിധ ആസ്തികളും അക്കൗണ്ട് ചെയ്തിട്ടില്ല. നിക്ഷേപ പ്രവൃത്തികൾ ആസ്തി ഹെഡിൽ അക്കൗണ്ട് ചെയ്തിരിക്കുന്നു.

6. ഷെഡ്യൂൾ ബി-18; വിവിധ നിർവ്വഹണ ഏജൻസികൾക്ക് വർഷങ്ങളായി നൽകിയിട്ടുള്ള മുൻകൂറുകൾ, വിനിയോഗ വിവരം രേഖപ്പെടുത്തി ബന്ധപ്പെട്ട ആസ്തികളിലേക്ക് മാറ്റിയിട്ടില്ല.

Deposit With KWA - Rs. 34,95,000.00

Depoist With KSEB - Rs.30,53,660.00

Depoist With GWD - Rs. 1,48,088.00

7. Advance To Implementing Officers, Advance To Others:- വിനിയോഗ വിവരം കൃത്യമാക്കി അക്കൗണ്ട് ചെയ്തിട്ടില്ല. നീക്കിയിരുപ്പ് ഉക കൃത്യമല്ല.

8. B-11(A) Capital Work In Progress:- ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സായി കാണിച്ചിട്ടുള്ള 31,82,846 രൂപ തെറ്റായിട്ടാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. അക്കൗണ്ടിംഗിൽ കൃത്യതയില്ല.

9. ഷെഡ്യൂൾ I-6: MG-NREGA- ലഭ്യമാക്കിയ രജിസ്റ്റർ പ്രകാരമുള്ള കണക്കുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

10. വാടക രജിസ്റ്റർ പ്രകാരം തുക ലഭിക്കുന്നില്ല. എന്നാൽ എ.എഫ്.എസ് പ്രകാരം 1377 രൂപ ലഭിക്കാനുള്ളതായി കാണിച്ചിരിക്കുന്നു. വ്യത്യാസം വിശദമാക്കേണ്ടതാണ്.

11. സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുകയുടെ അക്കൗണ്ടിലെ നീക്കിയിരുപ്പും, വാർഷിക കണക്കിലെ ഷെഡ്യൂൾ ബി4 ൽ ഇതേ ഇനത്തിലുള്ള തുകയും പൊരുത്തപ്പെടുന്നില്ല.

12. വസ്തുനികുതി പിരിഞ്ഞുകിട്ടാൻ അവശേഷിക്കുന്ന തുക സഞ്ചയ സോഫ്റ്റ്‌വെയർ തുകയുമായി പൊരുത്തപ്പെടുന്നില്ല.

അപാകതകൾ പരിഹരിക്കേണ്ടതാണ്

## 1-3 സാമ്പത്തിക വിശകലനം

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 15886122 |
| ഓഡിറ്റ് വർഷത്തെ വരവ് | 48059328 |
| ആകെ വരവ് | 63945480 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 51815437 |
| നീക്കിയിരിപ്പ് | 12130013 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് (അലോട്ട്മെന്റ് ലഭിച്ചത്) | ആകെ | ചെലവ് | ട്രഷറി ക്യൂ ബിൽ | നീക്കിയിരിപ്പ്/ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | ഇല്ല | 11397000 | 11397000 | 9782315 | 15275 | 1599410 |
| വികസന ഫണ്ട്-എസ്.സി.പി | ,, | 24740000 | 24740000 | 1586325 | 250600 | 22903075 |
| വികസന ഫണ്ട്-ടി.എസ്.പി | ,, | 74000 | 74000 | 49400 | -- | 24600 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | Xx | Xx | Xx | Xx | Xx | Xx |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ്) | ഇല്ല | 7110753 | 7110753 | 1900085 | 2620537 | 2590131 |
| മെയിന്റനൻസ് , റോഡ് | ,, | 16561000 | 16561000 | 9787475 | 5347806 | 1425719 |
| മെയിന്റനൻസ് , നോൺ-റോഡ് | ,, | 3251000 | 3251000 | 1398031 | -- | 1852969 |
| പ്രത്യേക ഗ്രാന്റ് | | | | | | |
| ശബരിമല | 1367911 | 500000 | 1867911 | 558650 | -- | 1309261 |

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് | | | | | | |
| കുടുംബശ്രീ | 42000 | 22895 | 64895 | -- | -- | 64895 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | | |
| സാക്ഷരത | 8932 | 1378 | 10310 | 452 | -- | 9858 |
| കേരളോത്സവം | -- | 40000 | 40000 | 40000 | -- | 0 |
| ശുചിത്വ മിഷൻ | 809774 | 108000 | 917774 | 108000 | -- | 809774 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | | | | | |
| ഐ.സി.ഡി.എസ്. | 563657 | 1842189 | 2405846 | 1321594 | -- | 1084252 |
| എം.ജി.എൻ. ആർ.ജി.എസ് | 8990 | 11134097 | 11143087 | 10798598 | -- | 344489 |
| സമ്പൂർണ്ണ ശുചിത്വം | 1359483 | -- | 1359483 | 734410 | -- | 625073 |

പരിശോധനയ്ക്കായി സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വികസനഫണ്ട് ജനറൽ വിഭാഗത്തിൽ സ്രോതസ്സിൽ കുറവ് ചെയ്ത ഇനങ്ങൾ വരവിൽ ഉൾപ്പെടുത്തിയിട്ടില്ല. പ്രസ്തുത തുക ചെലവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം (സോഴ്സ് ഡിഡക്ഷൻ) | തുക |
|---|---|
| വെള്ളക്കരം ഒടുക്കിയത് | 61,584 |
| ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 2,79,412 |
| അങ്കണവാടി ജീവനക്കാർക്ക് അധിക വേതനം | 8,76,000 |

ഇതുമൂലം ലഭ്യമാക്കിയ ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം സ്ഥാപനത്തിന്റെ യഥാർത്ഥ വരവ് ചെലവിനെ പ്രതിനിധാനം ചെയ്യുന്നതല്ല.

## 1-5 പദ്ധതി അവലോകനം

2019-20 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 209 | 75334914 | 113 | 37237936 | 0 | 96 | 54.06 |

വർക്കിംഗ് ഗ്രൂപ്പുകൾ ക്രിയാത്മകമായി പ്രവർത്തിക്കുന്നില്ല.

വർക്കിംഗ് ഗ്രൂപ്പുകൾ തങ്ങളുടെ പരിധിയിൽ വരുന്ന വിഷയങ്ങളിൽ ആഴത്തിലുള്ള വിശകലനങ്ങൾ നടത്തി ഏറ്റവും പ്രാധാന്യമുള്ള പ്രോജക്ടുകൾ നിർദേശിക്കുന്നതിനു പകരം മുൻവർഷങ്ങളിൽ ചെയ്തതുപോലെ ആവർത്തനപരമായ പ്രോജക്ടുകൾ നിർദേശിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്.
സ്റ്റാന്റിംഗ് കമ്മിറ്റികൾ ക്രിയാത്മകമായി പ്രവർത്തിക്കുന്നില്ല. സ്റ്റാന്റിംഗ് കമ്മറ്റികളിൽ വാർഷിക പദ്ധതി സംബന്ധിച്ച് വിശദമായ വിശകലനങ്ങൾ നടത്താതെയാണ് വർക്കിംഗ് ഗ്രൂപ്പുകളുടെ നിർദേശങ്ങൾ അതേപടി അംഗീകരിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്തിന്റെ വികസന ആവശ്യങ്ങൾ ക്രിയാത്മകമായി ചർച്ച ചെയ്ത് ഏറ്റവും ആവശ്യമുള്ളതും പ്രായോഗികവും അനുയോജ്യമായതുമായ പ്രോജക്ടുകൾ തെരഞ്ഞെടുക്കുന്നതിലും വിവിധ തലങ്ങളിലെ പ്രവർത്തനങ്ങൾ സർക്കാർ നിർദേശിച്ചിട്ടുള്ള പ്രകാരം നടത്തുന്നതിലും ഉണ്ടാവുന്ന ജാഗ്രതക്കുറവ്, പഞ്ചായത്തിന്റെ ആകെ വികസനത്തിനും പദ്ധതി സമയബന്ധിതവും കാര്യക്ഷമവുമായി നടത്തുന്നതിനും തടസ്സമാവുന്നുണ്ട്.വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ആവിഷ്കരിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയപ്രോജക്ടുകൾ | അടങ്കൽ | ചെലവ് |
|---|---|---|---|---|
| കൃഷി ഓഫീസർ | 10 | 9 | 1702864 | 1207167 |
| വെറ്ററിനറി സർജൻ | 12 | 8 | 4667215 | 2325940 |
| | | | | |

| | | | | |
|---|---|---|---|---|
| മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | 2 | 2 | 1300000 | 1300000 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 2 | 2 | 424800 | 424800 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 18 | 13 | 18660700 | 8560950 |
| ഐ.സി.ഡി.എസ് സൂപ്രവൈസർ | 10 | 6 | 3541000 | 2604160 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 440000 | 145249 |
| സെക്രട്ടറി | 42 | 24 | 14701717 | 7585148 |
| ഹെഡ്മാസ്റ്റർ, ഗവ. എൽ.പി.എസ് | 5 | 1 | 629000 | 167586 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 107 | 47 | 29267618 | 12916756 |
| ആകെ | 209 | 113 | 75334914 | 37237936 |

പദ്ധതി ചെലവുകളുടെ മേഖലാ വിഭജനം ചുവടെ ചേർക്കുന്നു.

മേഖല

| മേഖല | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | ശതമാനം | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| ഉല്പാദനം | 24 | 18 | 75 | 7850079 | 3602461 | 45.89 |
| സേവനം | 75 | 47 | 62.67 | 39501989 | 21449069 | 54.3 |
| പശ്ചാത്തലം | 110 | 48 | 43.64 | 27982846 | 12186406 | 43.55 |
| ആകെ | 209 | 113 | 54.07 | 75334914 | 37237936 | 49.43 |

സാമ്പത്തിക വർഷത്തിന്റെ അവസാന പാദത്തിൽ പുതിയ പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതായി കാണുന്നു. സാമ്പത്തിക വർഷത്തിന്റെ അവസാന പാദത്തിൽ ഏറ്റെടുക്കുന്ന പുതിയ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനുള്ള സമയം ലഭിക്കില്ല. കൂടാതെ, ഗ്രാമസഭകളിലും വർക്കിംഗ് ഗ്രൂപ്പുകളിലും നിന്ന് ഉയർന്നു വന്ന നിർദേശങ്ങൾക്ക് അനുസൃതമായി കരട് പദ്ധതി രേഖയിൽ ഉൾപ്പെടുത്തി, വികസന സെമിനാറിൽ അവതരിപ്പിച്ച് അംഗീകാരം നേടിയ പ്രോജക്ടുകളെ അവഗണിച്ച് പുതിയ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനു കാരണവുമാവും. മാത്രമല്ല, പുതിയ പ്രോജക്ടുകളും ഭേദഗതി ചെയ്യുന്ന പ്രോജക്ടുകളും ഗ്രാമസഭകളുടെ അംഗീകാരം നേടുന്നില്ല. ഇത്തരത്തിൽ, വ്യക്തമായ കാരണങ്ങളുടെ അഭാവത്തിൽ പ്രോജക്ടുകൾ ഭേദഗതി ചെയ്യുന്നതും ഉപേക്ഷിക്കുന്നതും പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതും അധികാര വികേന്ദ്രീകരണത്തിന്റെ അന്തസത്തയെ തന്നെ ഇല്ലാതാക്കും.

പദ്ധതി തുക വിനിയോഗിച്ച് നിർമ്മാണം നടത്തിയ കെട്ടിടങ്ങൾ പ്രോജക്ടിന്റെ ലക്ഷ്യങ്ങൾ സാധിക്കുന്ന തരത്തിൽ വിനിയോഗിക്കുന്നില്ല.ഉമ്പൂർമുഴി മോഡൽ മാലിന്യ സംസ്കരണകേന്ദ്രം നിർമ്മാണം പൂർത്തിയായെങ്കിലും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി പദ്ധതി തുടങ്ങിയിട്ടില്ല. കെട്ടിടം നിലവിൽ കാടുകയറി നശിച്ച അവസ്ഥയിലാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

ഓഡിറ്റ് വർഷത്തെ വരവ് ചെലവ് കണക്കുകളുടെ വിവരം ചുവടെചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 8990 | 548881 | 557871 | 213382 | 344489 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് | 0 | 10327216 | 10327216 | 10327216 | 0 |

| | | | | | |
|---|---|---|---|---|---|
| നൽകുന്നത് | | | | | |
| 100 തൊഴിൽദിനം പൂർത്തിയാക്കവർക്ക് നൽകിയ ബോണസ് തുക | 0 | 258000 | 258000 | 258000 | 0 |

## 1-7 ക്ഷേമപദ്ധതികൾ

2019-20 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 30 | 160200 |
| വിധവാപെൻഷൻ | 453 | 2327400 |
| വാർദ്ധക്യകാലപെൻഷൻ | 1010 | 5065500 |
| മാനസിക-ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 160 | 803200 |
| അവിവാഹിതരായ 50 വയസ്സിനുമേൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 14 | 81600 |
| തൊഴിൽ രഹിത വേതനം | 4 | 5760 |

## 1-8 ക്യാഷ് പരിശോധന

1994- ലെ ലോക്കൽഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് പരിശോധന 20-09-2021, 2.30pm -ന് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ നീക്കിയിരുപ്പ് തുകയായ 4293 രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഓഫീസ് ഉത്തരവ് മുഖേന വിവിധ ഉദ്യോഗസ്ഥർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനവും കുറ്റമറ്റ രീതിയിൽ നടക്കുന്നുണ്ട്. വിവിധ വരവിനങ്ങളുടെ രജിസ്റ്റർ വർഷാന്ത്യ ക്ലോസിംഗ് നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഡേബുക്ക്, ക്യാഷ്ബുക്ക് എന്നിവ മാസാന്ത്യ, വർഷാന്ത്യ പൊരുത്തപ്പെടുത്തൽ നടത്തി സൂക്ഷിക്കുന്നുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കാൻ ശ്രമങ്ങൾ ഉണ്ടാവേണ്ടതുണ്ട്. കോവിഡുമായി ബന്ധപ്പെട്ട് സി.എഫ്.എൽ.റ്റി.സി, ഡി.സി.സി. എന്നിവയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഗണ്യമായ തുക തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചതു മൂലം പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി അതീവ ദുർബലമാണ്. പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനങ്ങൾ സമയബന്ധിതമായി പ്രയോഗത്തിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. മാവേലി സ്റ്റോറിൽ നിന്നും വാടക ഈടാക്കാൻ നാളിതുവരെയും സാധിച്ചില്ല. ആയത് ഈടാക്കാൻ നടപടികൾ ഊർജിതമാക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 07-01-2018 മുതൽ 14-01-2018 വരെ | 2012-13 മുതൽ 2016-17 വരെ | 20-02-2018 |
| പെർഫോർമൻസ് ഓഡിറ്റ് | 27-07-2021&28-07-2021 | 12/2019മുതൽ 03/2021വരെ | ലഭ്യമാക്കിയിട്ടില്ല |

## 1-11 ദിവസ വേതനത്തിന് ക്ലാർക്കിനെ നിയമിച്ചത് നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല

ദിവസവേതന/കരാർ അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുമ്പോൾ സ.ഉ(പി) നം. 28/2016/ധന തീയതി

26.02.2016, സ.ഉ(പി) നം. 56/2017/ധന തീയതി 28.04.2017, സ.ഉ(പി) നം. 112/2018/ധന തീയതി 21.07.2018 എന്നീ ഉത്തരവുകളിലെ വ്യവസ്ഥകൾ പൂർണ്ണമായും പാലിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിരിക്കുന്നു. പരാമർശ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം കരാർ അടിസ്ഥാനത്തിലുള്ള നിമനം സർക്കാറിന്റെ മുൻകൂർ അനുമതിയോടുകൂടി മാത്രമേ നടത്തുവാൻ പാടുള്ളൂ. സർക്കാർ അംഗീകൃത തസ്തികകളിൽ അടിയന്തിര ഘട്ടങ്ങളിൽ പരമാവധി 90 ദിവസം വരെയുള്ള ദിവസവേതന നിയമനം വകുപ്പ് മേധാവിയ്ക്ക് നടത്താവുന്നതാണ്. ഈ കാലാവധിയ്ക്ക് പുറത്ത് ദിവസ വേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് അംഗീകൃത തസ്തികകളാണെങ്കിലും സർക്കാറിന്റെ മുൻകൂർ അനുമതി ആവശ്യമാണെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു.

എന്നാൽ 06.02.2019 മുതൽ 4.10.2019 വരെയുള്ള കാലയളവിൽ ശ്രീ. അനുരാഗ് ജി. എന്ന ക്ലാർക്കിന്റെ ഒഴിവിലും 4.12.2019 മുതൽ 20.03.2020 വരെയുള്ള കാലയളവിൽ ശ്രീ. മഗേഷ് കുമാർ എം. ക്ലാർക്കിന്റെ ഒഴിവിലും ശ്രീമതി വിമലാ ഭാസ്കറിനെ ദിവസ വേതനത്തിന് നിയമിക്കുകയുണ്ടായി. സർക്കാർ അനുമതിയോ, വകുപ്പ് മേധാവിയുടെ അനുമതിയോ ഇല്ലാതെയാണ് ഇപ്രകാരം നിയമനം നടത്തി വേതനം നൽകിയിരിക്കുന്നത്. കൂടാതെ നിയമനത്തിൽ പാലിക്കേണ്ട വ്യവസ്ഥകളിൽ, സർക്കാർ അനുമതി ലഭിച്ചാൽ എംപ്ലോയിമെന്റ് എക്സ്ചേഞ്ചിൽ നിന്നുള്ള പ്രയോറിറ്റി ലിസ്റ്റിൽ നിന്നും വേണം യോഗ്യതയനുസരിച്ച് ആളെ നിയമിക്കുവാൻ എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഇങ്ങനെ ഒരു നടപടി സ്വീരിച്ചിട്ടില്ല. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ഇപ്രകാരം ഒരു ലിസ്റ്റ് ഇല്ലാതിരുന്നാൽ മാത്രമേ പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ദിവസവേതനത്തിന് ആളെ നിയമിക്കാവൂ. എന്നാൽ ഇപ്രകാരം ക്രമവിരുദ്ധമായി നിയമനം നടത്തിയതിനുള്ള വിശദീകരണം ആരാഞ്ഞുനൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം. 5/16.09.2021) നൽകിയ മറുപടിയിൽ പഞ്ചായത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ തടസ്സപ്പെടാതിരിക്കുന്നതിനും, പൊതുജനങ്ങൾക്ക് സേവനം നൽകുന്നതിന് കാലതാമസം ഉണ്ടാകാതിരിക്കുന്നതിനും, സഞ്ചയ പ്യൂരിഫിക്കേഷൻപോലെയുള്ള ജോലികൾ അടിയന്തിരമായി പൂർത്തീകരിക്കേണ്ട സാഹചര്യമായതിനാലുമാണ് ഇപ്രകാരം ദിവസവേതനത്തിന് ആളെ നിയമിച്ചതെന്നാണ് വ്യക്തമാക്കിയിരിക്കുന്നത്.

ക്ലെറിക്കൽ ഒഴിവുകളിൽ നിയമനം നടത്തുവാനും പഞ്ചായത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ തടസ്സപ്പെടാതിരിക്കുന്നതിനും വേണ്ട മുൻ കരുതൽ ക്ലറിക്കൽ കേഡറിൽ നിയമനങ്ങളുടെ അതോറിറ്റി എന്ന നിലയ്ക്ക് ഡിഡിപി-യുടെ ചുമതലയാണ്. ഒഴിവ് വരുന്ന മുറയ്ക്ക് യഥാസമയം നിയമനങ്ങൾ നടത്താതുമൂലം പഞ്ചായത്തിലെ ജീവനക്കാരുടെ ജോലിഭാരം കൂടുകയും പഞ്ചായത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ കൃത്യമായി നടക്കാതെ വരുകയും ചെയ്യും. ഇപ്രകാരം യഥാസമയം ക്ലാർക്കുമാരെ നിയമിക്കാത്ത സാഹചര്യത്തിലാണ് പഞ്ചായത്തുകാർ ഇപ്രകാരം ഉത്തരവുകൾ മറികടന്ന് സ്വന്തം ഇഷ്ടത്തിന് നിയമനം നടത്തുന്നത്. അതിനാൽ പ്രാധാന്യമുള്ള ഈ വിഷയം ഡി.ഡി.പി-യുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-12 എസ്.സി. വനിതകൾക്ക് സ്വയം തൊഴിൽ പരിശീലനം - പദ്ധതി നടത്തിപ്പ് ക്രമപ്രകാരമല്ല

എസ്.സി. വനിതകൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 2018-19-ൽ വിഭാവനം ചെയ്ത എസ്.സി. വനിതകൾക്ക് സോപ്പ്, ഡിറ്റർജന്റ്, ലോഷൻ നിർമ്മാണത്തിൽ തൊഴിൽ പരിശീലനവും വിപണന കേന്ദ്രവും' എന്ന പദ്ധതി, (S0144/20) നടപ്പിലാക്കിയത് 2019-20 വർഷത്തിലാണ്. പദ്ധതിയ്ക്കായി ചെലവഴിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ബിൽ നം. & തീയി |
|---|---|---|---|
| വികസനഫണ്ട് (എസ്.സി.പി.) | ₹ 1,50,000 | ₹ 25,175 | 19050452012900039168 Dt. 17.04.2019 |

ഫയൽ പരിശോധിച്ചപ്പോൾ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപെട്ടു.

1. സ.ഉ.(കൈ)നം.22/2018തസ്വഭവ തീയതി 14-2-2018 സബ്സിഡി മാർഗരേഖ (8.5) പ്രകാരം സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് എസ്.സി./എസ്.റ്റി. വിഭാഗക്കാർക്ക് മാത്രം യഥാക്രമം ₹2 ലക്ഷം/ ₹3 ലക്ഷം വരുമാനപരിധിയ്ക്ക് വിധേയമായി ഗ്രൂപ്പുകൾക്ക് പരിശീലന പരിപാടികൾ നടപ്പിലാക്കാം. എന്നാൽ പ്രൊജക്ട് പ്രകാരം സഹായം കൈപ്പറ്റിയ നിർമ്മൽ സോപ്പ് മേക്കിംഗ് യൂണിറ്റ് എസ്.സി./എസ്.റ്റി. വിഭാഗക്കാരെ ഉൾപ്പെടുത്തി പ്രവർത്തിക്കുന്ന ഗ്രൂപ്പ് ആണെന്നുള്ളത് തെളിയിക്കുന്ന യാതൊരു രേഖകളും ഫയലിനൊപ്പം ഹാജരാക്കിയില്ല.
2. പരിശീലനം നൽകിയ പരിശീലകനെപ്പറ്റിയോ പരിശീലനം നേടിയവരെക്കുറിച്ചുള്ള യാതൊരു രേഖകളും ഫയലില്ല.

3. പരിശീലകനെ തിരഞ്ഞെടുത്തതിന്റെ മാനദണ്ഡം വ്യക്തമല്ല.
4. പരിശീലനം നൽകിയ ഇനത്തിൽ 3 ദിവസത്തേക്ക് ₹3,000 രൂപ പരിശീലകന് നൽകിയിട്ടുണ്ട്. എന്നാൽ ആ ദിവസങ്ങളിലെ പരിശീലകന്റേയോ പരിശീലനാർത്ഥികളുടെയോ ഹാജർ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.
5. പരിശീലനം നേടിയവർ മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള ആനുകൂല്യത്തിന് അർഹരാണെന്ന് തെളിയിക്കുന്ന യാതൊരു രേഖകളും (ജാതി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ് എന്നിവ) ഹാജരാക്കിയിട്ടില്ല.
6. പ്രൊജക്റ്റ് ഫയലിലെ വൗച്ചർ പ്രകാരം ₹ 11010 രൂപയാണ് പരിശീലനത്തിനായി ചെലവഴിച്ചിട്ടുള്ളത്. ചെലവ് രേഖകൾ ഹാജരാക്കാത്ത 14,165 രൂപയുടെ തിരിച്ചടച്ചവിന്റെ വിവരങ്ങളും ഫയലിലില്ല.
7. വൗച്ചർ പ്രകാരം ₹4990 രൂപയുടെ സ്റ്റീൽ/പ്ലാസ്റ്റിക് പാത്രങ്ങൾ സോപ്പുനിർമ്മാണ യൂണിറ്റിനായി വാങ്ങിയിട്ടുണ്ട്. എന്നാൽ ഇവ സ്റ്റോക്കിലെടുത്തതിന്റെ യാതൊരു വിവരങ്ങളും ഫയലിനൊപ്പം ഹാജരാക്കിയിട്ടില്ല.
8. സോപ്പ് നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുകയെന്ന ലക്ഷ്യം പ്രോജക്റ്റ് വിഭാവനം ചെയ്യുന്നെങ്കിലും ആയത് നടപ്പായതായി കാണുന്നില്ല. പരിശീലന പരിപാടി മാത്രമാണ് നടന്നത്. മോണിട്ടറിംഗ് നടന്നിട്ടില്ല. ചുരുക്കത്തിൽ പദ്ധതി വിഭാവനം ചെയ്ത ഉദ്ദേശങ്ങൾ നേടാൻ സാധിച്ചിട്ടില്ല.

മേൽ അപാകതയ്ക്ക് വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം. 13/ 18.9.2021) നിർവ്വഹണം നടത്തിയ വി.ഇ.ഒ-യ്ക്ക് രജിസ്റ്റേഡ് ആയി എൻക്വയറി നൽകിയിട്ടുണ്ടെന്നും അപാകതകൾക്ക് വിശദീകരണം അദ്ദേഹം പിന്നീട് ലഭ്യമാക്കുന്നതാണെന്നുമുള്ള നിലവിലെ വി.ഇ.ഒ യുടെ മറുപടി ലഭ്യമാക്കി. ഓഡിറ്റ് എൻക്വയറി നൽകിയിട്ടും മറുപടിയും രേഖകളും ഹാജരാക്കാത്ത സാഹചര്യത്തിൽ 1997-ലെ കേരള പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങൾ ചട്ടം 12(2) പ്രകാരം രേഖയോ കണക്കുകളോ നിലവിലില്ല എന്ന നിഗമനത്തിൽ ചെലവഴിച്ച തുകയായ 14,165 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-13 കുട്ടികളുടെ പാർക്ക് നിർമ്മാണം- നടപടിക്രമം പാലിച്ചില്ല

2017-18 വർഷം മാമുക്ക് പാലത്തിന് സമീപം കുട്ടികളുടെ പാർക്ക് നിർമ്മാണത്തിനായി ഗ്രാമപഞ്ചായത്ത് പ്രോജക്റ്റ് ആവിഷ്ക്കരിച്ചിരുന്നു. ആയതിന് ജില്ലാ പഞ്ചായത്ത് വിഹിതമായി 30,00,000 രൂപ അനുവദിക്കുകയും ചെയ്തു. എന്നാൽ ബൃഹത് പ്രോജക്റ്റ് ആയതിനാൽ 2017-18 വർഷം പദ്ധതി നടപ്പിലായില്ല. തുടർന്ന് 2018-19 വർഷം ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽ അസ്സിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി പദ്ധതി ആവിഷ്ക്കരിക്കുകയും ആയതിന് ഗ്രാമപഞ്ചായത്ത് വിഹിതമായി 2018-19, 19-20 വർഷങ്ങളിൽ ബ്ലോക്ക് പഞ്ചായത്തിന് താഴെപ്പറയും പ്രകാരം തുക കൈമാറിയിട്ടുണ്ട്.

| വർഷം | ഫണ്ടിനം | ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയ തുക |
|---|---|---|
| 2018-19 | ജില്ലാപഞ്ചായത്ത് വിഹിതം- രൂ.30,00,000<br>തനത് ഫണ്ട് - രൂ. 1,00,000 | 31,00,000 |
| ,, | തനത് ഫണ്ട് | 14,00,000 |
| 2019-20 | തനത് ഫണ്ട് (ചെക്ക് നം.2424349/31-03-20) | 15,00,000 |
| | ആകെ | 60,00,000 |

ഗ്രാമപഞ്ചായത്ത് തലത്തിൽ നടപ്പിലാക്കുന്ന പദ്ധതിക്ക് വേണ്ടിയാണ് ജില്ലാപഞ്ചായത്തിൽ നിന്നും 30,00,000 രൂപ അനുവദിച്ചത്. ഗ്രാമപഞ്ചായത്ത് പ്രോജക്റ്റ് നിർവ്വഹണത്തിൽ നിന്ന് ഒഴിവാകുകയും, ബ്ലോക്ക് പഞ്ചായത്ത് പ്രോജക്റ്റ് നടത്തിപ്പ് ഏറ്റെടുക്കുകയും ചെയ്ത സാഹചര്യത്തിൽ ജില്ലാപഞ്ചായത്തിൽ നിന്നും ലഭ്യമായ വിഹിതം തിരിച്ച് നല്കേണ്ടതായിരുന്നു. എന്നാൽ അപ്രകാരം ചെയ്യാതെ ബ്ലോക്ക്പഞ്ചായത്തിലേക്ക് നേരിട്ട് നൽകിയ നടപടി ക്രമമല്ല. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.



ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിൽ നിന്നും തുക അനുവദിച്ചതിന്റെയടിസ്ഥാനത്തിൽ, നടത്തിയ ഭൗതിക പരിശോധനയിൽ പാർക്കിനായി നീക്കി വച്ചിരിക്കുന്ന, ഗ്രാമപഞ്ചായത്തിൽ കൂടി ഒഴുകുന്ന തോടിന്റെ വശത്തായി ഉള്ള 62 സെന്റ് പുറമ്പോക്ക് സ്ഥലത്ത് തോടിനോട് ചേർന്ന ഭാഗത്ത് സംരക്ഷണഭിത്തി മാത്രം നിർമ്മിച്ചതായി കണ്ടു. പാർക്കിനായി നീക്കി വച്ചിരിക്കുന്ന സ്ഥലം പൂർണ്ണമായും കാടു മൂടിയ നിലയിലാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (എൻക്വയറി നം. 03/2019-20 തീയതി: 15-09-2021) ന് ലഭ്യമാക്കിയ മറുപടിയിൽ, ബ്ലോക്ക്പഞ്ചായത്തിൽ നിന്നും പാർക്ക് നിർമ്മാണത്തിനുള്ള തുടർ നടപടികൾ സ്വീകരിച്ചു വരുന്നതായി സെക്രട്ടറി അറിയിച്ചു. ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും നൽകിയ 30,000,00 രൂപയുടെ വിനിയോഗ വിവരം പ്രവർത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് ലഭ്യമാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-14 വീട് വാസയോഗ്യമാക്കൽ- സബ്സിഡി അധികം അനുവദിച്ചു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ. |
| ഫണ്ടിനം | വികസനഫണ്ട് (എസ്.സി.പി.) |
| വകയിരുത്തിയ തുക | ₹ 13,00,000 |
| ചെലവഴിച്ച തുക | ₹ 12,00,000 |

ഭവന പുനരുദ്ധാരണം (S0054/20) എസ്.സി.പി. പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം നൽകിയ ലിജോ രവികുമാർ, കല്ലുപറമ്പിൽ എന്ന ഗുണഭോക്താവിന് അർഹമായതിലും അധികമായി 50000 രൂപ അനുവദിച്ചു. വിശദാംശങ്ങൾക്ക് ഭാഗം 3 ഖണ്ഡിക 3-1 കാണുക.

## 1-15 കെയ്ക്കോയിൽ നിന്ന് ടെണ്ടർ കൂടാതെ വാങ്ങൽ നടത്തി

കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ സ്വന്തമായി ഉൽപ്പാദിപ്പിക്കുന്ന കാർഷിക ഉപകരണങ്ങളും സാധന സാമഗ്രികളും മാത്രം ടെണ്ടർ കൂടാതെ വാങ്ങുവാൻ GO(RT) 2881/2019/ത.സ്വ.ഭ.വ തീയതി 18.12.2019 നമ്പർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവാദം നൽകിയിട്ടുണ്ട്. എന്നാൽ 2019-20 സാമ്പത്തിക വർഷം കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികളുടെ ഭാഗമായി, കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്ന് വിവിധ നടീൽ വസ്തുക്കൾ, ഉരിശ് മുതലായവ ടെണ്ടർ കൂടാതെ വാങ്ങിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം./ പേര് | കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് നൽകിയ തുകയുടെ വിവരം | |
|---|---|---|---|
| | | 2019-20 (വികസനഫണ്ട്) | 2020-21 (ഗുണ.വിഹിതം) |
| 1 | 31/20സമഗ്രപച്ചക്കറികൃഷി വികസനം | 5000 | - |
| 2 | 42/20സമഗ്രകുരുമുളക് കൃഷി | 32499 | 2525 |

| | | | |
|---|---|---|---|
| | വികസനം | | |
| 3 | 44/20 സമഗ്രപുരയിടകൃഷി വികസനം | 120000 | - |
| 4 | 45/20 സമഗ്രവാഴകൃഷി വികസനം | 102000 | - |
| 5 | 46/20 സമഗ്രതെങ്ങ് കൃഷി വികസനം | 50250 | 11300 |
| 6 | 143/20(SO) ഫലവൃക്ഷത്തൈകൾ വിതരണം | 26250 | - |
| 7 | 146/20(SO) സമഗ്രതെങ്ങ്കൃഷി | 8200 | - |
| 8 | 39/20 ആഫ്രിക്കൻ ഒച്ച് നശീകരണം | 100000 | - |

തദ്ദേശഭരണ സ്ഥാപനങ്ങൾക്കുവേണ്ടി സാധനങ്ങളും, സേവനങ്ങളും വാങ്ങുന്നതിന് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള പ്രോക്യൂർമെന്റ് മാർഗ്ഗരേഖ പ്രകാരവും, സബ്സിഡി മാർഗ്ഗരേഖ പ്രകാരവും KAICO-ൽ നിന്നും നേരിട്ട് ഉല്പാദനോപാധികൾ വാങ്ങുന്നതിന് വ്യവസ്ഥയില്ല. വിത്തുകളും, തൈകളും കൃഷി വകുപ്പ്, ഫാമുകൾ, നാഷണൽ സീഡ് കോർപ്പറേഷൻ, കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി, VFPCK എന്നിവിടങ്ങളിൽനിന്നും മാത്രമേ നേരിട്ട് വാങ്ങുന്നതിന് അനുമതിയുള്ളൂ. ഈ സാഹചര്യത്തിൽ കൃഷി ഓഫീസർ കൺവീനറായ പർച്ചേസ് കമ്മിറ്റിയുടെ മേൽനോട്ടത്തിലല്ലാതെയും, പ്രോക്യൂർമെന്റ് മാന്വലിലെ വ്യവസ്ഥകൾക്ക് വിധേയമായി ടെണ്ടർ ക്ഷണിക്കാതെയും KAICO-ൽ നിന്നും നേരിട്ട് വാങ്ങൽ നടത്തിയത് ക്രമപ്രകാരമല്ല. ആയതിന് മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(7/17.09.2021), പ്രോജക്ട് തയ്യാറാക്കിയപ്പോൾ ഉല്പാദനോപാധികൾ അംഗീകൃത സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് വാങ്ങാമെന്ന് രേഖപ്പെടുത്തിയിരുന്നുവെന്നും കെയ്കോ സർക്കാർ അംഗീകൃത ഏജൻസി ആയതിനാലാണ് ടി സ്ഥാപനത്തിൽ നിന്നും സാധനങ്ങൾ വാങ്ങി വിതരണം ചെയ്തതെന്നുമാണ് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിരിക്കുന്നത്. മറുപടി അംഗീകരിക്കാവുന്നതല്ല. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഉത്തരവിന് വിരുദ്ധമായുള്ള വാങ്ങൽ നടപടികൾ ഭാവിയിൽ കർശനമായി ഒഴിവാക്കേണ്ടതാണ്.

## 1-16 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി- പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം./ പേര് | 93/20 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി |
| അടങ്കൽ | 200000(വികസനഫണ്ട്പൊതുവിഭാഗം)<br>240000(ജില്ലാ പഞ്ചായത്ത് വിഹിതം) |
| ചെലവ് | 145429 (വികസനഫണ്ട് പൊതുവിഭാഗം) |
| ബിൽ നമ്പർ/ തീയതി | 01/19-20 -07.11.2019 54733<br>02/19-20 07.11.2019 20745<br>03/19-20 24.02.2020 24240<br>04/19-20 24.02.2020 1795<br>05/19-20 03.03.2020 43916<br>145429 |

ഡയറി ഫാം ഇൻസ്ട്രക്ടർ നിർവ്വഹണം നടത്തിയ, ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി പദ്ധതി പ്രകാരം നെല്ലിക്കമൺ ക്ഷീരോത്പാദക സഹകരണസംഘം, പെരുമ്പെട്ടി ക്ഷീരോത്പാദക സഹകരണസംഘം എന്നിവയിൽ പാലളക്കുന്ന ക്ഷീരകർഷകർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) 01/19-20 ബിൽ പ്രകാരം നെല്ലിക്കമൺ ക്ഷീരോത്പാദക സഹകരണസംഘത്തിൽ ഉൾപ്പെട്ട, താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് ക്ഷീരോത്പാദക സഹകരണസംഘം നൽകിയ രേഖകൾ പ്രകാരമുള്ളതിനെക്കാൾ കൂടുതൽ തുക

നൽകിയിരിക്കുന്നു.

| ഗുണഭോക്താവ് | സഹകരണസംഘത്തിന്റെ പേര് | സഹകരണസംഘം റിപ്പോർട്ട് പ്രകാരം അളന്ന പാൽ | നൽകിയ തുക | നൽകേണ്ട തുക @3/ ലിറ്റർ | അധികം നൽകിയത് |
|---|---|---|---|---|---|
| ശശി.വി | നെല്ലിക്കമൺ | 198.2 | 900 | 594.6 | 305 |
| എം.പി സോമൻ | നെല്ലിക്കമൺ | 99.7 | 3384 | 299 | 3085 |

2) 04/19-20 ബിൽ പ്രകാരം പ്രേമകുമാരി വി ജി എന്ന വ്യക്തിയ്ക്ക് 1795 രൂപ സബ്സിഡി നൽകിയിട്ടുണ്ട് . എന്നാൽ ലഭ്യമാക്കിയിട്ടുള്ള രണ്ട് ക്ഷീരോത്പാദക സഹകരണസംഘത്തിന്റെയും പാലളവ് സ്റ്റേറ്റ്മെന്റിൽ ടി വ്യക്തിയുടെ പേര് ഉൾപ്പെട്ടിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (4/15.09.2021) ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനെ വിവരം അറിയിച്ചിട്ടുണ്ടെന്നാണ് നിലവിലെ നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിരിക്കുന്നത്. ക്ഷീരോത്പാദക സഹകരണ സംഘങ്ങൾ ലഭ്യമാക്കിയ രേഖകൾ പ്രകാരമുള്ളതിനേക്കാൾ കൂടുതലായി നൽകിയ സബ്സിഡി തുകയായ 3390(305+3085) രൂപയും സംഘങ്ങളുടെ പാലളവ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടാത്ത വ്യക്തിക്ക് നൽകിയ 1795 രൂപയും ഉൾപ്പെടെ 5185 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. തടസ്സപ്പെടുത്തിയ തുക തിരികെ ഈടാക്കേണ്ടതും അപാകതകൾക്ക് ബന്ധപ്പെട്ട രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## <u>1-17 വീട് പുനരുദ്ധാരണം ആനുകൂല്യം കൈപ്പറ്റിയിട്ടും പണി പൂർത്തിയാക്കിയില്ല</u>

2019-20 സാമ്പത്തിക വർഷം വി.ഇ.ഓ. നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ഭവന പുനരുദ്ധാരണ പദ്ധതിയിൽ ആദ്യ ഗഡു തുക കൈപ്പറ്റിയ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ ബാക്കി തുക കൈപ്പറ്റിയിട്ടില്ല. നാളിതുവരെ പണി പൂർത്തീകരിച്ചിട്ടില്ല എന്നാണ് ഇത് വ്യക്തമാക്കുന്നത്.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് /വിലാസം | വാർഡ് | തുക |
|---|---|---|---|
| 1. | രാജൻ എം. ജി., മുഴയമുട്ടം കരിംപ്ലാവ് പി. ഓ. | II | 25,000 |
| 2. | മോഹനൻ, പുള്ളോലിതടത്തിൽ ചെട്ടിമുക്ക് | VI | 25,000 |
| 3. | ജോസഫ് ദാനിയേൽ, കൊല്ലപുരയിടത്തിൽ പുല്ലൂപ്രം പി.ഓ. | XII | 25,000 |
| | ആകെ | | 75,000 |

ഭവന പുനരുദ്ധാരണത്തിനുള്ള തുക മുൻകൂർ കൈപ്പറ്റിയ ഗുണഭോക്താക്കൾ നാളിതുവരെ ബാക്കി തുക കൈപ്പറ്റി പണി പൂർത്തിയാക്കാതിരുന്നിനുള്ള വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം. 13/22.0921) അടിയന്തിരമായി പൂർത്തിയാക്കുവാനുള്ള നടപടി സ്വീകരിച്ച്, പൂർത്തീകരണ വിവരം ലഭ്യമാക്കാമെന്നുള്ള മറുപടിയാണ് വി.ഇ.ഒ ലഭ്യമാക്കിയിരിക്കുന്നത്. ഭവന പുനരുദ്ധാരണം പൂർത്തീകരിക്കുന്നതിന് ഗുണഭോക്താക്കളെ ബോധവൽക്കീകരിക്കേണ്ടതും, പൂർത്തീകരണ വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## <u>1-18 നിക്ഷേപ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നില്ല. തുടർ നിരീക്ഷണം അനിവാര്യം</u>

2019-20 സാമ്പത്തിക വർഷം സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നിക്ഷേപ പ്രവൃത്തികൾക്കായി വിവിധ ഏജൻസികളിൽ നിക്ഷേപിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ പേര് (പ്രോജക്റ്റ് നം.) | ഏജൻസി | തുക |
|---|---|---|---|
| 1 | പേട്ട ശാലീശ്വരം റോഡിൽ പൈപ്പ്ലൈൻ സ്ഥാരിക്കൽ (S0187/20) | കേരള വാട്ടർ അതോറിറ്റി | 3.00,000 |
| 2 | പുള്ളോലി നെല്ലിക്കമൺ പൈപ്പ്ലൈൻ എക്സ്റ്റൻഷൻ (S0139/20) | കേരള വാട്ടർ അതോറിറ്റി | 5,00,000 |

| | | | |
|---|---|---|---|
| 3 | പുള്ളോലി വളകൊട്ടികാവ് റോഡിൽ പൈപ്പ്ലൈൻ നീട്ടൽ (S0188/20) | കേരള വാട്ടർ അതോറിറ്റി | 3,84,000 |
| 4 | വലിയകാവ് മണ്ണാറത്തറ കുടിവെള്ള പദ്ധതി (S0050/20) | കേരള വാട്ടർ അതോറിറ്റി (തനത്) | 2,00,000 |
| | ആകെ | | 13,84,000 |

കെ.എസ്.ഇ.ബി., വാട്ടർ അതോറിറ്റി എന്നീ ഏജൻസികളിൽ നിക്ഷേപ പ്രവൃത്തികൾക്കായി തുക നിക്ഷേപിച്ചിട്ടുണ്ടെങ്കിലും സ്ഥാപനവുമായി കരാറിൽ എർപ്പെട്ടിട്ടില്ല. പ്രസ്തുത ഏജൻസികൾ ലഭ്യമാക്കുന്ന എസ്റ്റിമേറ്റ് പ്രകാരം തുക നിക്ഷേപിക്കുക മാത്രമാണ് ഗ്രാമപഞ്ചായത്ത് ചെയ്തിട്ടുള്ളത്.

പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിച്ച് വർക്ക്ബിൽ, കംപ്ലീഷൻ സർട്ടിഫിക്കറ്റ് , വാല്യുവേഷൻ സർട്ടിഫിക്കറ്റ് എന്നിവ ആവശ്യപ്പെടുകയോ, പ്രവൃത്തിക്ക് പൂർത്തീകരിക്കാനാവശ്യമായ ചെലവ് കഴിഞ്ഞ് മിച്ചം വെരുന്ന തുക തിരികെ ലഭിക്കുന്നതിന് നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

2019-20-ലെ വാർഷിക ധനകാര്യ പത്രിക പ്രകാരം നിക്ഷേപ പ്രവൃത്തികൾക്കായി വിവിധ നിർവ്വഹണ ഏജൻസികളിൽ അവശേഷിക്കുന്ന തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഏജൻസി | തുക |
|---|---|---|
| 1 | കെ.എസ്.ഇ.ബി. | 34,95,000 |
| 2 | കേരള വാട്ടർ അതോറിറ്റി | 30,53,660 |
| 3 | ഗ്രൗണ്ട് വാട്ടർ വകുപ്പ് | 1,48,088 |
| | ആകെ | 66,96,748 |

വിവിധ വർഷങ്ങളിൽ ഒടുക്കിയ തുകകളുടെ പൂർത്തീകരണ രേഖകൾ ബന്ധപ്പെട്ട ഏജൻസികളിൽ നിന്നും കൈപ്പറ്റി ആസ്തി ഹെഡിലേക്ക് മാറ്റുന്നതിന് പഞ്ചായത്ത് യാതൊരുവിധ നടപടിയും സ്വീകരിച്ചിട്ടില്ല. ശേഷിക്കുന്ന തുകകൾ ക്രമീകരിക്കുന്നതിനാവശ്യമായ ക്രിയാത്മക നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 ആവശ്യമായ വിവരങ്ങൾ ഹാജരാക്കിയില്ല

ഐ.സി.ഡി.എസ് സൂപ്പർ വൈസർ നിർവ്വഹണഉദ്യോഗസ്ഥയായി 2019-20ൽനടപ്പാക്കിയ പ്രൊജക്റ്റുകൾ പരിശോധിച്ചപ്പോൾ ചുവടെ ചേർത്തിരിക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

| പ്രൊജക്ട് | ചെലവഴിച്ചതുക | ചെലവിന്റെ വിവരം | അപാകത |
|---|---|---|---|
| ഭിന്നശേഷിയുള്ള കുട്ടികൾക്ക് പഠന വിനോദയാത്ര (50/20) | 38570/- ബിൽ നം. 18/19-20, 24-2-2020 | ഭക്ഷണത്തിനു വേണ്ടി 2000/- വണ്ടിക്കൂലി 19000/- ഗ്രാമ പഞ്ചായത്ത് അക്കൌണ്ടിലേക്ക് 17570/- ആകെ 38750/- | മാർഗരേഖയിൽ പരാമർശിക്കാത്ത പ്രൊജക്ട് നടപ്പാക്കിയതിന് കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതി വാങ്ങിയിട്ടില്ല. |
| പോഷകാഹാര വിതരണം(41/20) | 65861 രൂപ ബിൽ നം. 16/19-20, 25-1-2020 | THRS വിതരണം നടത്തിയതിന് അനുഗ്രഹ&തേജസ് ന്യൂട്രിമിക്സ് ,കീഴ്വായ്പൂർ, മല്ലപ്പള്ളി എന്ന സ്ഥാപനത്തിന് നൽകിയത് | ഫയലിൽ ചേർത്തിരിക്കുന്ന അനുഗ്രഹ&തേജസ് ന്യൂട്രിമിക്സ് ,കീഴ്വായ്പൂർ എന്ന സ്ഥാപനത്തിന്റെ 21-11-2019ലെ 74നമ്പർ ഇൻവോയ്സ് പ്രകാരം 56409 രൂപയാണ് നൽകേണ്ടത്. 9272 (65861-56409) രൂപ ചെലവഴിച്ചതിന്റെ വിവരം ലഭ്യമാക്കിയില്ല. |
| പോഷകാഹാര | 79501 രൂപ | 2020 മാർച്ചിൽ | ഓഡിറ്റിൽ ഹാജരാക്കിയ |

| | | | |
|---|---|---|---|
| വിതരണം(41/20) | ഡി.ഡി.നം 689012252/ 31-3-20 | THRS നൽകിയ ഇനത്തിൽ 79501/- രൂപ നൽകിയിരിക്കുന്നു. | രജിസ്റ്റർ പ്രകാരം 2020 മാർച്ചിൽ 784kg THRS ആണ് ലഭിച്ചിട്ടുള്ളത്. ആയത് പ്രകാരം കി.ഗ്രാമിന് 71 രൂപ ക്രമത്തിൽ ഈടാക്കേണ്ട തുക 55664 രൂപയാണ്. അനുഗ്രഹ&തേജസ് ന്യൂട്രിമിക്സ് , കീഴ്വായ്പൂർ എന്ന സ്ഥാപനത്തിന്റെ 7950 രൂപയുടെ ബിൽ ലഭ്യമാക്കിയിട്ടില്ല. ഇത് മൂലം 23837 രൂപയുടെ(79501-55664 = 23837) ചെലവിന്റെ കൃത്യത ബോധ്യപ്പെടാൻ കഴിഞ്ഞിട്ടില്ല.(784x71=55664, 79501-55664=23837) |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് (5/17-9-21)നൽകിയെങ്കിലും രേഖകൾ ഹാജരാക്കിയില്ല. ചെലവിനെ സാധൂകരിക്കുന്ന രേഖകളുടെ അഭാവത്തിൽ 71859 (38750 +9272+23837) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## <u>1-20 മാലിന്യ സംസ്കരണ പദ്ധതി -ലക്ഷ്യം കൈവരിച്ചില്ല</u>

ഗ്രാമപഞ്ചായത്തിലെ മാലിന്യ സംസ്കരണത്തിനുവേണ്ടി തുമ്പൂർമൂഴി മോഡൽ മാലിന്യ സംസ്കരണകേന്ദ്രം നിർമ്മിക്കുന്നതിനായി 752410 രൂപ ചെലവഴിച്ചിട്ടുണ്ട്. ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ബിൽനം/ ചെക്കനം,തീയതി | തുക |
|---|---|
| ബിൽനം. 37/19-20,6-1-20 | 90000/- |
| ചെക്ക് നം. 00438/6-1-20 | 662410/- |

പ്രൊജക്ടിന്റെ ഭാഗമായി കെട്ടിടനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.എന്നാൽ വെള്ളം,വൈദ്യുതി എന്നിവ ലഭ്യമാക്കിയിട്ടില്ല. ആയതിനുവേണ്ടി പ്രൊജക്ട് തയ്യാറാക്കിയിട്ടില്ല. നിലവിൽ പൂർത്തിയായിരിക്കുന്ന കെട്ടിടം കാട് കയറി നശിച്ച അവസ്ഥയിലാണ്. ലക്ഷങ്ങൾ മുടക്കി നിർമ്മിച്ച കെട്ടിടം നിഷ്ക്രിയാസ്തിയായി മാറാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും, അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി പ്രവർത്തനസജ്ജമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## <u>1-21 ആശ്രയാ പദ്ധതി തുക അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല.</u>

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായ ആശ്രയ പദ്ധതി-S0032/20 എന്ന പ്രോജക്ടിനായി വികസനഫണ്ടിൽ നിന്നും 2,00,000 രൂപ (ബിൽ റഫറൻസ് നം 19050452012900714673 തീയതി21/10/2019) പ്രകാരം റാന്നി സബ്ബ് ട്രഷറിയിൽ നിന്നും പിൻവലിച്ച് കുടുംബശ്രീയുടെ ഫാർമേഴ്സ് ഫെസിലിറ്റേഷൻ സെന്ററിനുവേണ്ടിയുള്ള യൂണിയൻ ബാങ്കിന്റെ റാന്നി ശാഖയിലുള്ള സി.ഡി.എസ് അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്തിട്ടുണ്ട്. ടി തുക ആശ്രയാ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള കുടുംബങ്ങളുടെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്കായി ചെലവഴിക്കുന്നതിനായി ഉപയോഗപ്പെടുത്തിയിട്ടില്ല.

ആശ്രയാ പദ്ധതിയ്ക്കായി അക്കൗണ്ട് തുറന്നിരിക്കുന്നത് റാന്നി അങ്ങാടി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിലാണ്(അക്കൗണ്ട് നം. 5966). ഇത് ഒരു പ്രാഥമിക കോ-ഓപ്പറേറ്റീവ് ബാങ്കാണ്. ഈ അക്കൗണ്ടിലൂടെയാണ് പ്ലാൻഫണ്ടിന്റെയും, ചലഞ്ച് ഫണ്ടിന്റെയും വരവ്-ചെലവ് കണക്കുകൾ അക്കൗണ്ട് ചെയ്യപ്പെടുന്നത്.

മുൻ വർഷങ്ങളിൽ വികസനഫണ്ടിൽ നിന്നും ലഭിച്ച തുക പദ്ധതിയ്ക്കായി ഉപയോഗപ്പെടുത്തിയിട്ടില്ല. 14.08.2019 & 28.10.2019-ലും പഞ്ചായത്തിൽ പദ്ധതിയ്ക്കായി വകയിരുത്തിയ പൊതു വിഭാഗം വികസനഫണ്ട് [2,00,000 രൂപ വീതം 4 ലക്ഷം രൂപ കുടുംബശ്രീയുടെ ഫാർമേഴ്സ് ഫെസിലിറ്റേഷൻ സെന്ററിനുവേണ്ടിയുള്ള യൂണ്യൻ ബാങ്കിൽ വന്നിട്ടുണ്ട്.] എന്നാൽ നാളിതുവരെ ഇത് അഗതിരഹിത കേരളത്തിനായുള്ള അക്കൗണ്ടിലേക്ക് ഈ തുകകൾ വരവായി എടുക്കുകയോ പദ്ധതിയ്ക്കായി ഉപയോഗിക്കുകയോ ചെയ്തിട്ടില്ല. 27.11.2018-ൽ വികസനഫണ്ടിൽ നിന്നും നൽകിയ 2

ലക്ഷം രൂപ 27.03.2019-ൽ ആശ്രയാ അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ടെങ്കിലും, ഈ തുകവച്ച് യാതൊരു പ്രവർത്തനവും നടപ്പിലാക്കിയിട്ടില്ല, റാന്നി അങ്ങാടി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ, ഓൺലൈൻ ട്രാൻസാക്ഷൻസ് സാദ്ധ്യമല്ലാത്തിനാലാണ് സി.ഡി.എസ്. മാനേജ് ചെയ്യുന്ന യൂണ്യൻ ബാങ്കിലേക്ക് ഈ തുക ക്രെഡിറ്റ് ചെയ്യതെന്നാണ് സി.ഡി.എസിൽ നിന്നും അറിയുവാൻ കഴിഞ്ഞത്. ഇത് എത്രയും വേഗം യഥാർത്ഥ അക്കൗണ്ടിലേക്ക് മാറ്റുന്നതിന് വേണ്ട നടപടി സ്വീകരിക്കേണ്ടതും, ഇതുപയോഗിച്ച് അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്കായുള്ള പദ്ധതികൾ നടപ്പിലാക്കുവാനും ശ്രദ്ധിക്കണം. ഈ വർഷം ചലഞ്ച് ഫണ്ടിനായി വന്ന തുകയും ഗ്രാമപഞ്ചായത്ത് നാളിതുവരെ കുടുംബശ്രീയ്ക്ക് കൈമാറിയിട്ടില്ല. ഈ തുക കുടുംബശ്രീ സി.ഡി.എസി-ന് കൈമാറി പദ്ധതിയുടെ ലക്ഷ്യം നേടുന്നതിനായുള്ള പദ്ധതി പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കേണ്ടതാണ്. പ്രർത്തനപുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

കുടുംബശ്രീ സി.ഡി.എസിന്റെ സജീവ പങ്കാളിത്തത്തോടെ പദ്ധതി ഫലപ്രദമായി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭരണസമിതിയും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയും ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-22 വനിതകൾക്ക് ശിങ്കാരിമേളം പരിശീലനം - മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ പദ്ധതി നടപ്പിലാക്കി

നിർവ്വഹണം വി.ഇ.ഒ- പട്ടികജാതി വനിതകൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 2018-19 വർഷം വിഭാവനം ചെയ്ത പദ്ധതി 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ സ്പിൽ ഓവറായാണ് നടപ്പിലാക്കിയത്. 2019-20 വർഷം പട്ടികജാതി വിഭാഗത്തിൽപ്പെട്ട വനിതകൾക്ക് ശിങ്കാരി മേളത്തിൽ പരിശീലനം നൽകുകയും 2020-21 വർഷം വാദ്യോപകരണം വാങ്ങി നൽകുന്നതിനുമാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. 2019-20 വർഷം പ്രൊജക്ടിനു വേണ്ടി ചുവടെ ചേർക്കും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| വർഷം | പദ്ധതിയുടെ പേര് & ചെലവിനം | ചെലവ് തുക, ബിൽനം. &തീയതി |
|---|---|---|
| 2019-20 | എസ്.സി. വനിതകൾക്ക് ശിങ്കാരി മേളം, ചെണ്ട പരിശീലനം (SO)- S0176/20<br>(പരിശീലനം നൽകിയതിന്) | ₹ 22400/-<br>ബിൽ റഫറൻസ് നം. 19050452012900588191<br>തീയതി 19.9.2019 |

പദ്ധതി ഫയൽ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽപെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. സ.ഉ.(കൈ)നം.22/2018തസ്വഭവ തീയതി 14-2-2018 സബ്സിഡി മാർഗരേഖ(7.2.15)പ്രകാരം എസ്.സി/എസ്.റ്റി യുവജനങ്ങളുടെ ഗ്രൂപ്പുകൾക്കോ, സമിതികൾക്കോ വാദ്യോപകരണങ്ങൾ വാങ്ങി നൽകാവുന്നതാണ്. ഗ്രൂപ്പ് എന്ന നിലയിൽ പ്രവർത്തിക്കുവാൻ കഴിയുന്ന പരിചയവും പ്രാവണ്യവുമുള്ള 10 മുതൽ 15 അംഗങ്ങൾ വരെ ഉള്ള ഗ്രൂപ്പുകൾക്കാണ് വാദ്യോപകരണങ്ങൾ വാങ്ങി നൽകാവുന്നത്. ഇപ്രകാരം ഗ്രൂപ്പ് രൂപീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമല്ല.
2. വാദ്യോപകരണത്തിൽ പരിശീലനം നൽകുന്നതിന് തുക ചെലവഴിക്കുന്നത് സംബന്ധിച്ച് മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ല. പരിചയ സമ്പന്നരായ വ്യക്തികൾ ഉൾപ്പെട്ട ഗ്രൂപ്പിന് വാദ്യോപകരണങ്ങൾ വാങ്ങി നൽകുന്നതിന് മാത്രമാണ് അനുമതിയുള്ളത്.
3. 14 വനിതകൾക്ക് പരിശീലനം നൽകിയതിന് പരിശീലകന് 22,400 രൂപ കൊടുത്തതായി ഫയലിൽ ഉണ്ട്. എന്നാൽ ഈ പരിശീലനം നേടിയവരുടെ പേരു വിവരങ്ങൾ, തിരിച്ചറിയൽ രേഖകൾ, ഈ പഞ്ചായത്തിലെ സ്ഥിരതാമസക്കാരാണെന്നുള്ള സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ് (പരിശീലന പരിപാടികൾക്ക് SC വിഭാഗത്തിനുള്ള വരുമാന പരിധി 3,00,000 രൂപ ആണ്.) ഇവർ SC വിഭാഗത്തിലുള്ളവരാണെന്നു തെളിയിക്കുന്ന ജാതി സർട്ടിഫിക്കറ്റ് എന്നിവ ഫയലിനൊപ്പം ഹാജരാക്കിയിട്ടില്ല.
4. ഗുണഭോക്താക്കളെ ഗ്രാമസഭ അംഗീകരിച്ചതാണെന്നുള്ളതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.
5. പദ്ധതി പ്രകാരം ചെലവഴിച്ച 22,400 രൂപ പരിശീലകന് നൽകിയിട്ടുള്ളതാണ്. എന്നാൽ ഈ പരിശീലകനെ തിരഞ്ഞെടുത്ത മാനദണ്ഡം വ്യക്തമല്ല.
6. ഒരു പരിശീലനാർത്ഥിയ്ക്ക് 400രൂപ നിരക്കിൽ 14 പരിശീനാർത്ഥികൾക്ക് 4 മാസം(ഏപ്രിൽ - ജൂലൈ) പരിശീലനം നൽകിയ വകയിലാണ് പരിശീലകന് 22,400 രൂപ(14 X 400 X 4) നൽകിയിരിക്കുന്നത്. പരിശീലകന്റെയും

പരിശീലനാർത്ഥികളുടെയും ഹാജർ വിവരങ്ങൾ ഫയലിനൊപ്പം ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 9/19-20)-ന് നിർവ്വഹണം നടത്തിയ വി.ഇ.ഓ.യ്ക്ക് രജിസ്റ്റേർഡ് ആയി എൻക്വറി നൽകിയിട്ടുണ്ടെന്നും അപാകതകൾക്ക് വിശദീകരണം പിന്നീട് ലഭ്യമാക്കുന്നതാണെന്നുമുള്ള മറുപടിയാണ് നിലവിലെ വി.ഇ.ഒ. അപാകതയ്ക്കുള്ള വിശദീകരണം ലഭ്യമാക്കിയില്ല.

പദ്ധതി നിർവ്വഹണ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ പരിശീലനത്തിനായി ചെലവഴിച്ച 22,400 രൂപ തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

### 3-1 വീട് വാസയോഗ്യമാക്കൽ - സബ്സിഡി അധികം അനുവദിച്ചു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ. |
| ഫണ്ടിനം | വികസനഫണ്ട് (എസ്.സി.പി.) |
| വകയിരുത്തിയ തുക | ₹ 13,00,000 |
| ചെലവഴിച്ച തുക | ₹ 12,00,000 |

ഭവന പുനരുദ്ധാരണം (S0054/20) എസ്.സി.പി. പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം നൽകിയ ലിജോ രവികുമാർ, കല്ലുപറമ്പിൽ എന്ന ഗുണഭോക്താവിന് അർഹമായതിലും അധികമായി 50,000 രൂപ അനുവദിച്ചു. പതിമൂന്നാം പഞ്ചവത്സര സബ്സിഡി മാർഗ്ഗരേഖ (സ.ഉ(കൈ)നം. 22/2018/തസ്വഭവ തീയതി 14.02.2018) പ്രകാരം എസ്.സി. വിഭാഗത്തിന് ഭവന പുനരുദ്ധാരണത്തിന് സബ്സിഡിയായി നൽകാവുന്ന ഉയർന്ന പരിധി 1,50,000 രൂപയാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് ഓരോ ഗുണഭോക്താവിനും 1,00,000 എന്ന നിരക്കിലാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്. ഈ പദ്ധതി പ്രകാരം ലഭ്യമാക്കിയ വാല്യുവേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 13 എസ്.സി. കുടുബങ്ങൾക്ക് ആനുകൂല്യം നൽകുന്നതിനായി 12 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഇതിൽ ഗുണഭോക്താവായ ലിജോ രവികുമാർ കല്ലുപറമ്പിൽ എന്ന ഗുണഭോക്താവിന് അർഹമായതിലും അധികമായി 50000 രൂപ നൽകി (ടിയാളുടെ ഭവനപുനരുദ്ധാരണത്തിന് എൽ.എസ്.ജി.ഡി. എഞ്ചിനിയറുടെ ഫൈനൽ വാല്യുവേഷൻ 1,04,586 രൂപയാണ്). വിശദവിവരം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | ബിൽ നം./ തീയതി | തുക |
|---|---|---|
| ലിജോ രവികുമാർ കല്ലുപറമ്പിൽ | 19050452012900817856/ 13.11.2019 | 50,000 |
| | 19050452012900963998/ 19.12.2019 | 50,000 |
| | 19050452012901234661/ 10.02.2020 | 50,000 |

ഇപ്രകാരം അധികമായി തുക നൽകിയതിനുള്ള വിശദീകരണം ആരാഞ്ഞു നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം. 18/ 18.09.2021) നിർവ്വഹണം നടത്തിയ വി.ഇ.ഒ.-യ്ക്ക് എൻക്വയറി രജിസ്റ്റേർഡ് ആയി നൽകിയിട്ടുണ്ടെന്നും അപാകതകൾക്കുള്ള വിശദീകരണം അദ്ദേഹം പിന്നീട് ഹാജരാക്കുമെന്നുമാണ് മറുപടി ലഭ്യമാക്കിയത്. അനുവദിനീയമായതിലും അധികമായി നൽകിയ 50,000 രൂപ ടി ഗുണഭോക്താവിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം പ്രസ്തുത തുക നിർവ്വഹണോദ്യോഗസ്ഥന്റെ ബാധ്യതയാകുന്നതും ഈടാക്കുന്നതിന് ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമങ്ങളും ചട്ടങ്ങളും പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്.

## ഭാഗം -4

## 4-1 സംയുക്തപദ്ധതികളുടെ ഫണ്ട്, വിനിയോഗ വിവരം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാപഞ്ചായത്ത് പഞ്ചായത്ത് | 11,86,846 | ലൈഫ് മിഷന് വിഹിതം- S0036/20 | 6,00,000 | 5,86,846 |
| ബ്ലോക്ക് പഞ്ചായത്ത് | 13,94,851 | ലൈഫ് മിഷന് വിഹിതം- S0036/20 | 0 | 1394851 |
| ജില്ലാപഞ്ചായത്ത് പഞ്ചായത്ത് | 1,80,141 | ലൈഫ് മിഷന് വിഹിതം നൽകൽ - S0174/20 (SO) | 2,000 | 1,78,141 |
| ജില്ലാപഞ്ചായത്ത് പഞ്ചായത്ത് | 2,00,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ്- S040/20 | 2,00,000 | 0 |
| ജില്ലാപഞ്ചായത്ത് പഞ്ചായത്ത് | 79,786 | അങ്കണവാടി കുട്ടികൾക്ക് പോഷകാഹാരം | 79,786 | 0 |
| ജില്ലാ പഞ്ചായത്ത് | 3,00,000 | പാലിയേറ്റീവ് കെയർ | 3,00,000 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഗ്രാമപഞ്ചായത്ത് താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് പ്രവൃത്തിക്കായി തുക നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ചെലവഴിക്കാൻ ബാക്കി നിൽക്കുന്ന തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കേരളാ വാട്ടർ അതോറിറ്റി | പേട്ട ശാലീശവരം റോഡിൽ പൈപ്പ് ലൈൻ സ്ഥാപിക്കൽ (S0187/20) | 3,00,000 | -- | 3,00,000 |
| കേരളാ വാട്ടർ അതോറിറ്റി | പുള്ളോലി നെല്ലിക്കാമൺ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (S0139/20) | 5,00,000 | -- | 5,00,000 |
| കേരളാ വാട്ടർ അതോറിറ്റി | പുള്ളോലി വളകൊട്ടികാവ് റോഡിൽ പൈപ്പ് ലൈൻ നീട്ടൽ (S0188/20) | 3,84,000 | -- | 3,84,000 |
| കേരളാ വാട്ടർ അതോറിറ്റി | വലിയകാവ് മണ്ണാറത്താറകുടിവെള്ള പദ്ധതി (S0063/20) | 2,00,000 | -- | 2,00,000 |
| | ആകെ | | | 13,84,000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്/ | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ | തൻവർഷം ലഭിച്ച തുക | ആകെ | തൻവർഷം തിരിച്ചടച്ച | വർഷാവസാനം തിരിച്ചടയ്ക്കാൻ |
|---|---|---|---|---|---|---|

| ഉദ്ദേശ്യം | | ബാക്കിയുണ്ടായിരുന്ന തുക | | | തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി | | 30,40,000 | 11,40,000 | 41,80,000 | 279412 | 39,00,588 |

## <u>4-5 സ്ഥിര നിക്ഷേപം</u>

ഇല്ല.

## <u>4-6 ഓഡിറ്റ് റിക്കവറി</u>

ഈ ഇനത്തിൽ വരവില്ല.

## <u>4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികയുടെ വിശദാംശങ്ങൾ</u>

| ക്രമ നം | ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| 1 | 1999-2000 | | 2003-04 | | വായനശാലകൾക്ക് വേണ്ടി ടി വി സെറ്റ് വാങ്ങിയത് | നിലനിൽക്കുന്നു |
| 2 | 1999-2000 | | 2003-04 | | ബുക്ക് ബൈന്റിംഗ് യൂണിറ്റ് | നിലനിൽക്കുന്നു |
| 3 | 1999-2000 | | 2003-04 | | തേനീച്ച വളർത്തൽ | നിലനിൽക്കുന്നു |
| 4 | 1999-2000 | | 2003-04 | | കമ്പ്യൂട്ടർ പരിശീലനം നൽകുന്നതിനുള്ള പദ്ധതി | നിലനിൽക്കുന്നു |
| 5 | 1999-2000 | | 2003-04 | | പുല്ലോലി വട്ടോലിക്കാവ് റോഡ്- തുക അധികം നൽകി | നിലനിൽക്കുന്നു |
| 6 | 1999-2000 | | 2003-04 | | ശുദ്ധജലവിതരണ പദ്ധതി | നിലനിൽക്കുന്നു |
| 7 | 1999-2000 | | 2003-04 | | മാലിന്യനിർമ്മാർജ്ജനപദ്ധതി | നിലനിൽക്കുന്നു |
| 8 | 1999-2000 | | 2003-04 | | മൃഗസംരക്ഷണം- മുൻഗണനാലിസ്റ്റിൽ പേരില്ലാത്തവർക്ക് ആനുകൂല്യം നൽകി | നിലനിൽക്കുന്നു |
| 9 | 2002-03 | 3-7. | 2006-07 | 3.18.1.19 | തനതുഫണ്ട് ചെലവ് വൗച്ചറുകൾ/ഫയലുകൾ/ രേഖകൾ ഹാജരാക്കിയില്ല | നിലനിൽക്കുന്നു |
| 10 | 2002-03 | 3-9 . | 2006-07 | 3.18.1.19 | പ്ലാൻ പി ഡി ചെലവ് വൗച്ചറുകൾ/ ഫയലുകൾ/ രേഖകൾ ഹാജരാക്കിയില്ല | നിലനിൽക്കുന്നു |
| 11 | 2002-03 | 3-17. | 2006-07 | 3.18.1.19 | സാക്ഷരത വൗച്ചറുകൾ/ രേഖകൾ ഹാജരാക്കിയില്ല | നിലനിൽക്കുന്നു |
| 12 | 2002-03 | 3-12. | 2006-07 | 3.18.1.19 | വിവിധ വ്യക്തിഗത ധനസഹായം- 3 ഗുണഭോക്താക്കൾ പണി പൂർത്തീകരിച്ചില്ല | നിലനിൽക്കുന്നു |

| | | | | | | |
|---|---|---|---|---|---|---|
| 13 | 2005-06 | 3-17 | 2007-08 | 3.14.1 | പഞ്ചായത്തിന്റെ അറ്റകുറ്റപ്പണി- കൂടുതൽ അന്വേഷണത്തിന് ശുപാർശ ചെയ്യുന്നത് | നിലനിൽക്കുന്നു |
| 14 | 2007-08 | 3-1. | 2010-11 | 5.5.3.1 | ക്രമരഹിതവും അനധികൃതവുമായ ചെലവ്- പഞ്ചായത്ത് ഫണ്ടിന്റെ ദുർവ്യയം | നിലനിൽക്കുന്നു |
| 15 | 2007-08 | 3-37 | 2010-11 | 5.5.3.2 | നെല്ലിക്കമൺ നീർത്തടപദ്ധതി- സമയബന്ധിതമായി നടപ്പാക്കിയില്ല | നിലനിൽക്കുന്നു |
| 16 | 2012-13, 2013-14 | | 2014-15 | 3-9. | വ്യാജരേഖകൾ ചമച്ച് പണാപഹരണം- പദ്ധതി തുക പലിശ സഹിതം തിരികെ ഒടുക്കി(ഓഡിറ്റ് ഇംപാക്റ്റ്) | നിലനിൽക്കുന്നു |
| 17 | 2014-15 | 2-1. | 2016-17 | അനുബന്ധം 3 | വസ്തു നികുതി -അപാകതകൾ | നിലനിൽക്കുന്നു |
| 18 | 2015-16 | 2-2. | 2016-17 | അനുബന്ധം 3 | തൊഴിൽനികുതി- അപാകതകൾ | നിലനിൽക്കുന്നു |

## 4-8 ചാർജ്ജ്/ സർചാർജ്ജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം

ഈ ഇനത്തിൽ വരവില്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 63945480 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 51815437 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 50000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 113609 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| 3-1 | 50000 | നക്ഷത്രകുമാർ എസ്., വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| 1-12 | 14165 | നക്ഷത്രകുമാർ എസ്., വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ |
| 1-16 | 5185 | മനോജ്.ബി, ഡയറി ഫാം ഇൻസ്ട്രക്ടർ |
| 1-19 | 71859 | സുധർമണി എസ്, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| | | |

| | | |
|---|---|---|
| 1-22 | 22,400 | നക്ഷത്രകുമാർ എസ്, വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേര് | ഉദ്യോഗപ്പേര് | വിലാസം |
|---|---|---|
| നക്ഷത്രകുമാർ എസ്, | വി.ഇ.ഒ- ഗ്രേഡ് II | നക്ഷത്രകുമാർ എസ്,<br>തെങ്ങുവിള തെക്കോതിൽ<br>വീട്<br>കോലന്നൂർ എഴുകോൺ പി.ഒ<br>കൊല്ലം 691506 |
| ബിനുകുമാർ റ്റി. | വി.ഇ.ഒ- ഗ്രേഡ് II | ബിനുകുമാർ റ്റി.<br>ശ്രീപത്മം ചക്കിയമ്മഴികത്തു<br>കരിപ്പുഴ പി. ഒ<br>പെരിനാട് കൊല്ലം |
| മനോജ്. ബി, | ഡയറി ഫാം ഇൻസ്ട്രക്ടർ | ശാരദമന്ദിരം, മുക്ക് റോഡ്,<br>കിളിമാനൂർ, 695601 |
| സുധർമണി എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | അഖിൽ നിവാസ്<br>വെട്ടാലുവിള<br>പുല്ലയിൽ പി.ഒ<br>കിളിമാനൂർ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-96 | എൽ.എഫ്.പി.റ്റി.എ-പി4/5/98<br>തീയതി 07.04.1999 | 5 |
| 1996-97 | എൽ.എഫ്.പി.റ്റി.എ-പി3/154/98<br>തീയതി 28.11.2000 | |
| 1997-98 | എൽ.എഫ്.പി.റ്റി.എ-പി4/752/04<br>തീയതി 06.05.05/07.07.05 | |
| 1997-98 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി3/475/98<br>തീയതി 06.11..09/09.12.99 | |
| 1997-98 (ജ.ആ) | എൽ.എഫ്.പി.റ്റി.എ-പി3/298/99<br>തീയതി 30.09.2000/02.11.2000 | |
| 1998-99 (വരവ്) | എൽ.എഫ്.പി.റ്റി.എ-പി4/753/04<br>തീയതി 07.05.05/08.07.05 | 3 |
| 1998-99 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി3/187/2000<br>തീയതി 02.11.01/31.01.02 | |
| 1999-2000 | എൽ.എഫ്.പി.റ്റി.എ-പി4/752/04<br>തീയതി 01.08.05/03.10.05 | |
| 1999-2000 | എൽ.എഫ്.പി.റ്റി.എ-പി4/234/02 | |

| | | |
|---|---|---|
| (ചെലവ്) | തീയതി 21.06.03 | |
| 2000-01 | എൽ.എഫ്.പി.റ്റി.എ-പി4/755/04<br>തീയതി 01.08.05/03.10.05 | 6 |
| 2000-01<br>(ജ.ആ) | എൽ.എഫ്.പി.റ്റി.എ-പി4/418/03<br>തീയതി 15.10.03 | |
| 2001-02<br>(വരവ്,<br>ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി4/484/05<br>തീയതി 19.11.2005 | 5 |
| 2001-02<br>(ജ.ആ) | എൽ.എഫ്.പി.റ്റി.എ-പി4/419/03<br>തീയതി 15.10.03/02.08.2004 | |
| 2002-03 | എൽ.എഫ്.പി.റ്റി.എ-പി4/698/05<br>തീയതി 07.01.06/05.05.2006 | 9 |
| 2003-04 | എൽ.എഫ്.പി.റ്റി.എ-പി4/246/06<br>തീയതി 05.10.06/07.11.07 | 1 |
| 2004-05 | എൽ.എഫ്.പി.റ്റി.എ-പി8/534/06<br>തീയതി 19.02.07/30.11.07 | 21 |
| 2005-06 | എൽ.എഫ്.പി.റ്റി.എ-പി4/170/07<br>തീയതി 04.02.08 | 21 |
| 2006-07 | എൽ.എഫ്.പി.റ്റി.എ-പി4/973/07<br>തീയതി 31.07.08/30.08.08 | 37 |
| 2007-08 | എൽ.എഫ്.പി.റ്റി.എ-പി5/446/10<br>തീയതി 08.09.10/08.10.10 | 61 |
| 2008-09 മുതൽ<br>2010-11 വരെ | എൽ.എഫ്.പി.റ്റി.എ-പി.6/305/13<br>തീയതി 16.05.13/13.08.14 | 10 |
| 2011-12 | എൽ.എഫ്.പി.റ്റി.എ-പി6/306/2013<br>തീയതി 16.05.13/ 13-08-2014 | 10 |
| 2012-13 | കെ.എസ്.എ.പി.റ്റി.എ-പി6/1203/14<br>തീയതി 26-03-2015/20.5.2015 | 8 |
| 2013-14 | കെ.എസ്.എ.പി.റ്റി.എ-പി6/487/16<br>തീയതി 04-05-2016 | 8 |
| 2014-15 | കെ.എസ്.എ.പി.റ്റി.എ-പ6/681/16<br>തീയതി 21-06-2016 | 20 |
| 2015-16 | കെ.എസ്.എ..പി.റ്റി.എ-പി6/1288/16<br>തീയതി 02-12-2016 | 28 |
| 2016-17 | കെ.എസ്.എ.പി.റ്റി.എ-പി6/1111/17<br>തീയതി 23-09-2017 | 24 |
| 2017-18 | കെ.എസ്.എ.പി.റ്റി.എ.പി6/1631/18<br>തീയതി 10.01.2019 | എല്ലാ ഖണ്ഡികകളും |
| 2018-19 | കെ.എസ്.എ.പി.റ്റി.എ.പി6/926/2019<br>തീയതി 05.12.2019 | എല്ലാ ഖണ്ഡികകളും |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് പത്തനംതിട്ട

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ റാന്നി അങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ റാന്നി അങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്